**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1312** **14-03-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ ഗവ. യു.പി.എസ്. വിലങ്ങ്, ഗവ. എൽ.പി.എസ്. മലയിടംതുരുത്ത് എന്നീ സ്കൂളുകളിൽ 2018-19-ൽ ആരംഭിച്ച കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പൂർത്തീകരിക്കുവാൻ വൈകുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കോവിഡ് സാഹചര്യങ്ങൾ മൂലമാണ് പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണം വൈകുവാൻ കാരണമായത്. നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുവാൻ നിർവഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പൂത്തൃക്ക ഗവ. ഹയർസെക്കൻഡറി സ്കൂളിൽ കിഫ്ബി മുഖേന അക്കാദമിക്ക് ബ്ലോക്ക് നിർമ്മിക്കുന്നതിന് കരാർ നൽകിയിരുന്നുവെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പൂത്തൃക്ക സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടിയുണ്ടാക്കി നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനിരിക്കെ പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നീ സംഘടനകൾ, പ്രസ്തുത നിർമ്മാണം, സ്കൂൾ ഗ്രൗണ്ട് വികസനത്തെ ബാധിക്കുമെന്ന കാരണത്താൽ തടസ്സം ഉന്നയിച്ചതിനാൽ സ്കൂൾ കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല |
| (സി) | പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സർക്കാർ യു.പി.സ്കൂൾ, വിലങ്ങ്, സർക്കാർ എൽ.പി.സ്കൂൾ, മലയിടംതുരുത്ത് എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുവാൻ നിർവഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൂത്തൃക്ക സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ തർക്കം പരിഹരിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ